എൽ.ആർ.(ബി2) - 7290/16

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്
മ്യൂസിയം പി.ഒ, തിരുവനന്തപുരം - 33
ഫോൺ നമ്പർ :0471 - 2321229, 8547610002.
ഇ - മെയിൽ -*lrbclrtvm@gmail.com*
തീയതി : 10/02/2017

## സർക്കുലർ

വിഷയം : റവന്യൂ വകുപ്പ് - ആർ.ആർ ഐ.ടി പ്ലാറ്റ്ഫോം - കേരളാ റവന്യൂ റിക്കവറി ആക്ട് 1968 - റവന്യൂ റിക്കവറി നടപടികൾ - 01.04.2017 മുതൽ റവന്യൂ വകുപ്പിൽ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

പരാമർശം : റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന 20.01.2017ലെ യോഗതീരുമാനം.

കേരളാ റവന്യൂ റിക്കവറി ആക്ട് 1968 പ്രകാരം റവന്യൂ വകുപ്പ് കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ റിക്വിസിഷനുകൾ ഓൺലൈൻ മുഖാന്തിരം സ്വീകരിക്കുന്നുണ്ടെങ്കിലും ആയത് കളക്ടറേറ്റ്തലം വരെ മാത്രമാണ് നടക്കുന്നത്. മാത്രവുമല്ല ഇതു സംബന്ധിച്ച് സംസ്ഥാനമൊട്ടാകെ ഒരു ഏകീകൃത സംവിധാനം നിലവിൽ ഇല്ലാത്തതുമാണ്. ആയതുകൊണ്ടു തന്നെ നിലവിൽ റവന്യൂ റിക്കവറി നടപടികളിൽ കാലതാമസമടക്കമുള്ള പല പോരായ്മകളും നിലനിൽക്കുന്നുണ്ട്.

നിലവിൽ റവന്യൂ റിക്കവറി നടപടികളിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി എൻ.ഐ.സി മുഖാന്തിരം പുതിയ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കൊമേഴ്സ്യൽ ടാക്സ് വകുപ്പിനെ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലും, തുടർന്ന് സംസ്ഥാനമൊട്ടാകെയും ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്.

എല്ലാ റിക്വിസിഷൻ അതോറിറ്റികളെയും ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെ 01.01.2017 മുതൽ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും, ഇതിന്റെ ഭാഗമായി വിവിധ തീയതികളിൽ റിക്വിസിഷൻ അതോറിറ്റികളുടെ യോഗം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ വച്ച് ചേരുകയും, റിക്വിസിഷൻ അതോറിറ്റികൾക്ക് ആവശ്യമായ പരിശീലനം കമ്മീഷണറേറ്റ്തലത്തിലും, ജില്ലാ കളക്ടറേറ്റ് മുഖാന്തിരവും നൽകിയിരുന്നു. എന്നാൽ റിക്വിസിഷൻ അതോറിറ്റികളുടെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണം ലഭിക്കാത്തതിനാൽ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ 01.01.2017 മുതൽ പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയാതെ വന്നിരിക്കുന്നു.

ആർ.ആർ ഓൺലൈൻ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ 20.01.17 ന് ചേർന്ന യോഗത്തിൽ 01.04.2017 മുതൽ റിക്വിസിഷനുകൾ പുതിയ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ മുഖാന്തിരം മാത്രമേ സ്വീകരിക്കുകയുള്ളുവെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തൊട്ടാകെ 01.04.2017 മുതൽ റവന്യൂ റിക്കവറി നടപടികൾ പുതിയ ആർ.ആർ ഓൺലൈൻ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു.

എല്ലാ സർക്കാർ വകുപ്പുകളും, കേരളാ റവന്യൂ റിക്കവറി ആക്ട് 1968 സെക്ഷൻ 71 അനുസരിച്ച് സർക്കാർ വിജ്ഞാപന പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ആർ.ആർ ഓൺലൈൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റിക്വിസിഷൻ അതോറിറ്റികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഇതുവരെയും *State Level Nodal Officer* റെ നിശ്ചയിക്കാത്ത ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനത്തിന് ഒരു *State Level Nodal Officer* റെ നിശ്ചയിക്കേണ്ടതാണ്. പ്രസ്തുത നോഡൽ ഓഫീസർ വകുപ്പ് / സ്ഥാപന മേധാവിയുടെ സ്റ്റേറ്റ് ലെവൽ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനും, കമ്പ്യൂട്ടർ പ്രാവീണ്യമുള്ളയാളും ആകുന്നത് അഭികാമ്യമായിരിക്കും.
- ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനത്തിന്റെ *State Level Nodal Officer* റുടെ പേര്, പദവി, ഓഫീസ് വിലാസം, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ സഹിതം ലാൻഡ് റവന്യൂ കമ്മീഷണറേയും, എൻ.ഐ.സിയേയും അറിയിക്കേണ്ടതാണ്.

*State Level Nodal Officer* മാർ താഴെ പറയുന്ന ചുമതലകൾ കൂടി നിർവഹിക്കേണ്ടതാണ്.

1. പ്രസ്തുത *State Level Nodal Officer* വകുപ്പ് / സ്ഥാപനവുമായി ബന്ധപ്പെട്ട റിക്വിസിഷൻ അയയ്ക്കുന്ന സംസ്ഥാനത്തിലെ മുഴുവൻ ഓഫീസുകളുടെയും ലിസ്റ്റ് ജില്ല തിരിച്ചും, പ്രധാനപ്പെട്ട കുടിശ്ശികകളുടെ വിവരവും, ആയതിന്റെ ശീർഷകവും *(Head of Account)* താഴെ പറയുന്ന മാതൃകയിൽ *Excel Format* ൽ തയ്യാറാക്കി എൻ.ഐ.സിയെ അറിയിക്കേണ്ടതാണ്.

**Departmentwise Status of Master Data Available**

| *Name of Department* | *List of offices (Requisition Authoirties)* | *List of Nature of Dues available* | *Head of Account against Nature of Dues* |
|---|---|---|---|

**Name of Department : . . . . . . . . . . .**

| *District* | *Office Name* | *Address* | *Pin Code* | *IFSC Code (For Banks only)* | *Phone No* | *E-mail Id* |
|---|---|---|---|---|---|---|
| | | | | | | |

2. ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനം റിക്വിസിഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരം *User Id, Password* എന്നിവ തയ്യാറാക്കുന്നതിനായി താഴെ പറയുന്ന മാതൃകയിൽ വിവരങ്ങൾ *State Level Nodal Officer* മാർ ശേഖരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനത്തിന്റെ *State Level Nodal Officer* എൻ.ഐ.സി യുടെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥർക്ക് *User Id, Password* എന്നിവ അനുവദിക്കേണ്ടതാണ്.

**Details of Users**

| *PEN NO/ ID No* | *Name* | *Designation* | *Address* | *Phone No.* | *E-mail Id* | *Seat* |
|---|---|---|---|---|---|---|
| | | | | | | |

3. *State Level Nodal Officer* റെ കൂടാതെ ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനം ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നതിനായി മാസ്റ്റർ ട്രെയിനർമാരെ കൂടി കണ്ടെത്തേണ്ടതാണ്. ടി മാസ്റ്റർ ട്രെയിനർമാർ അതത് ജില്ലാ കളക്ടറേറ്റുകളിലെ മാസ്റ്റർ ട്രെയിനർമാരിൽ നിന്നും പരിശീലനം നേടേണ്ടതും, പ്രസ്തുത മാസ്റ്റർ ട്രെയിനർമാരെ ഉപയോഗപ്പെടുത്തി വകുപ്പ് / സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതുമാണ്.
4. റിക്വിസിഷനിൽ ഒപ്പു വയ്ക്കുന്ന ഉദ്യോഗസ്ഥന് *Digital Signature* ആവശ്യമാണ്. ആയതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പ് / സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.
5. പുതിയ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിന്റെ നിർവഹണത്തിനായി മേൽനോട്ടവും, ഏകോപനവും ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനത്തിന്റെ സംസ്ഥാനതല മേധാവികളും, *State Level Nodal Officer* റും നിർവഹിക്കേണ്ടതാണ്.

**NIC തിരുവനന്തപുരത്തിന്റെ ഇ – മെയിൽ വിലാസം ചുവടെ ചേർക്കുന്നു.**

***E-mail*** : ***jaitha@kerala.nic.in, jaitha.r@nic.in, arun.raj@nic.in***

***Mobile No*** : ***9387825136, 0471-2725495, 8606582899***

(ഒപ്പ്)

**കമ്മീഷണർ**

**ലാൻഡ് റവന്യൂ**

**എല്ലാ റിക്വിസിഷൻ അതോറിറ്റികൾക്കും**

പകർപ്പ് :
1) പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) (ആമുഖ കത്ത് സഹിതം)
2) കമ്മീഷണർ (സി.എ മുഖേന)
3) ജോയിന്റ് കമ്മീഷണർ (സി.എ മുഖേന)
4) എല്ലാ ജില്ലാ കളക്ടർമാർക്കും
5) എൻ.ഐ.സി, തിരുവനന്തപുരം
6) കരുതൽ ഫയൽ

**// അംഗീകാരത്തോടെ //**

**സീനിയർ സൂപ്രണ്ട്**